കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- തരൂർമണ്ഡലം-കുത്തനൂർ പി.എച്ച്.സി. അഡീഷണൽ ബ്ലോക്ക് നിർമ്മാണം-ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.978/17/തസ്വഭവ തിരുവനന്തപുരം, തീയതി :30.03.2017

പരാമർശം - 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. 09/03/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി3-2259/17/വി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തരൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ബഹു. നിയമവകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ എം,എൽ.എ ശുപാർശ ചെയ്ത പ്രകാരം **'Project ID 2732 കുത്തനൂർ പി.എച്ച്.സി. അഡീഷണൽ ബ്ലോക്ക്, നിർമ്മാണം - കുത്തനൂർ പഞ്ചായത്ത്'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിന് സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തരൂർ മണ്ഡലത്തെ പ്രതിനിധികരിക്കുന്ന ബഹു. നിയമവകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ എം,എൽ.എയുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും **'Project ID 2732 കുത്തനൂർ പി.എച്ച്.സി. അഡീഷണൽ ബ്ലോക്ക്, നിർമ്മാണം - കുത്തനൂർ പഞ്ചായത്ത്'** എന്ന പ്രവൃത്തിയ്ക്ക് അടങ്കൽ തുകയായ **30 ലക്ഷം രൂപയ്ക്ക് (മുപ്പത് ലക്ഷം രൂപ മാത്രം)** വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും സൂചന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് Plumbing and sanitation (Rs.40,000/-) Electrical Works (Rs.90,000/-) Name board and inaguration board (Rs.20,000/-), unforeseen works (Rs.1784) എന്നിവയ്ക്കായി lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവ് യഥാർത്ഥ ചെലവുമായി ക്രമീകരിക്കേണ്ടതും നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായും ആയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-8000-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി.എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കുത്തനൂർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം. 1233079/എൻ.സി.സി.2/7/ധന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ